# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2244 — 11.06.2018 — ൽ മറുപടിക്ക്

## ബി.പി.എൽ. ലിസ്റ്റിലേക്ക് മാറ്റുന്നതിനുള്ള അപേക്ഷ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം. രാജഗോപാലൻ : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പമന്ത്രി) |
| (എ) എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ട നിർധനരെ എ.പി.എൽ. ലിസ്റ്റിൽ നിന്നും ബി.പി.എൽ ലിസ്റ്റിലേക്ക് മാറ്റുന്നതിന് അപേക്ഷ നൽകിയിട്ടും ബി.പി.എൽ -ലേക്ക് മാറ്റി നൽകാത്തത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ; | (എ) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പാക്കിയതുമായി ബന്ധപ്പെട്ട് ബി.പി.എൽ/ എ.പി.എൽ. പട്ടികയ്ക്ക് പകരമായി മുൻഗണനാ മുൻഗണനേതര പട്ടികയാണ് നിലവിലുള്ളത്. അന്തിമ മുൻഗണനാ പട്ടികയിൽ കടന്നു കൂടിയ അനർഹരെ ഒഴിവാക്കി അർഹരെ പട്ടികയിൽ ഉൾപ്പെടുത്തി റേഷൻകാർഡിലെ അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. പ്രസ്തുത നടപടിയിലൂടെ കാർഡുടമയ്ക്ക് പരിശോധനയിലൂടെ ലഭ്യമായ മാർക്കിന്റെയും മുൻഗണനാ പട്ടികയിലുണ്ടാകുന്ന ഒഴിവുകളുടേയും അടിസ്ഥാനത്തിൽ അർഹരായവരെ പട്ടികയിൽ ഉൾപ്പെടുത്തി വരുന്നു. മുൻഗണനാ പട്ടികയുടെ ശുദ്ധീകരണത്തിന്റെ ഭാഗമായി നിലവിൽ അനർഹരാണെന്ന് കണ്ടെത്തിയ 209749 പേരെ പട്ടികയിൽ നിന്ന് ഒഴിവാക്കി പ്രസ്തുത ഒഴിവുകളിലേക്ക് അർഹരാണെന്ന് കണ്ടെത്തിയവരെ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ മുൻഗണനാ പട്ടിക തുടർച്ചയായ പുനരവലോകനത്തിന് വിധേയമാണ്. അർഹരായ എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ട എല്ലാ പേരെയും മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |

| | |
|---|---|
| (ബി) കിടപ്പ രോഗികളെയും കാൻസർ രോഗികളെയും ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ? | (ബി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പാക്കിയതുമായി ബന്ധപ്പെട്ട് നിലവിലുള്ള മുൻഗണനാ പട്ടികയിൽ ഏറ്റവും അർഹരായവരെ ഉൾപ്പെടുത്തുന്നതിനായി പരിഷ്കരിച്ച മാനദണ്ഡം സംബന്ധിച്ച 18.09.17 ലെ സ.ഉ(സാധാ)നം.320/17/ഭ.പൊ.വി.വ പ്രകാരം ഗുരുതരമായ ശാരീരിക മാനസിക വൈകല്യങ്ങൾ ബാധിച്ചവരേയും ക്യാൻസർ ഉൾപ്പെടെയുള്ള ഗുരുതര രോഗങ്ങൾ ബാധിച്ചവരെയും മറ്റ് ഒഴിവാക്കൽ മാനദണ്ഡങ്ങൾ ബാധകമല്ലെങ്കിൽ പ്രസ്തുത പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

*സെക്ഷൻ ഓഫീസർ*